(എ) റെഡ്ക്രോസ് സൊസൈറ്റി നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സായ ഹോമിയോ നഴ്സ്-കം-ഫാർമസി കോഴ്സിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഈ കോഴ്സിന് സർക്കാർ അംഗീകാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ സർട്ടിഫിക്കറ്റിന് അംഗീകാരം നൽകാത്തതുകൊണ്ട് പി.എസ്.സി.യോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചോ ഈ കോഴ്സ് പാസ്സായിവരുന്നവരെ നിയമിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കോഴ്സിന് അംഗീകാരം നൽകാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാരിന്റെ അനുമതിയോ അംഗീകാരമോ ഇല്ലാതെയാണ് റെഡ്ക്രോസ് സൊസൈറ്റി ഹോമിയോ നഴ്സ്-കം- ഫാർമസി കോഴ്സ് നടത്തുന്നത്. ഈ കോഴ്സിനുള്ള പ്രവേശന യോഗ്യത, പരിശീലനം ഇവയിലൊന്നും സർക്കാർ നടത്തുന്ന എൻ.സി.പി.കോഴ്സിന്റെ നിലവാരമില്ലാത്തതുമാണ്. ഇക്കാരണത്താൽ ടി കോഴ്സിന് അംഗീകാരം നൽകാനാവില്ല.

(സി) ഇല്ല. റെഡ്ക്രോസ് സൊസൈറ്റി നടത്തുന്ന എൻ.സി.പി. കോഴ്സ് പാസ്സായവർ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ഗവ: അംഗീകൃത സ്ഥാപനങ്ങളിലൊന്നും നിയമനം ലഭിക്കാൻ അർഹരല്ല.

(ഡി) ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഹോമിയോ -ഫാർമസിസ്റ്റുകളുടെ നിയമനം

39(1854) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോമിയോ ഫാർമസിസ്റ്റുകളുടെ നിയമനം ജില്ലാതലത്തിൽ ആണോ ;

(ബി) 2-12-1991-ലെ ജി.ഒ.(പി)36/91/പി.ആന്റ് എ.ആർ.ഡി. ഉത്തരവ് അനുസരിച്ച് ജില്ലാന്തര സ്ഥലം മാറ്റം വാങ്ങുന്നവരുടെ സീനിയോരിറ്റി നഷ്ടപ്പെടുമോ ;

(സി) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം മെഡിക്കൽ ഓഫീസർമാരായി പ്രൊമോട്ട് ചെയ്ത് നിയമിക്കപ്പെട്ട ഫാർമസിസ്റ്റുകളിൽ ഇപ്രകാരം സീനിയോറിറ്റി നഷ്ടപ്പെടുന്ന ആരെങ്കിലും ഉൾപ്പെട്ടിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രൊമോഷന് നിയമാനുസരണം അർഹതയുണ്ടെന്നും എന്നാൽ അനർഹരായ ചില ഫാർമസിസ്റ്റുകളെ പ്രൊമോട്ട് ചെയ്തിരുന്നതായും ഡോ.എസ്.ഡി.ജോയി പരാതി നൽകിയിരുന്നോ; എങ്കിൽ ഈ പരാതിയിൽ മേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ഇത് സംബന്ധിച്ച് ഏതെങ്കിലും എം.എൽ.എ. മറുപടി ആവശ്യപ്പെട്ടുകൊണ്ട് ഹോമിയോ ഡയറക്ടർക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ എന്നാണ് എം.എൽ.എ. കത്ത് നൽകിയത്;

(എഫ്) നാളിതുവരെ എം.എൽ.എ.യുടെ കത്തിന് മറുപടി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതെ.

(ബി&സി) ഹോമിയോപ്പതി വകുപ്പ് മൈനർ ഡിപ്പാർട്ട്മെന്റ് ആയതിനാൽ സ്റ്റേറ്റ് പൂൾ പ്രൊമോഷനാണ് നടത്തിവരുന്നത്. ആയതിനാൽ ജില്ലാന്തര സ്ഥലംമാറ്റം നടത്തുമ്പോൾ ജില്ലയിലെ സീനിയോരിറ്റി നഷ്ടപ്പെടുമെങ്കിലും പ്രൊമോഷനുള്ള സീനിയോറിറ്റി നഷ്ടപ്പെടുകയില്ല.

(ഡി) പരാതി നൽകിയിരുന്നു. അത് പരിശോധനയിലാണ്.

(ഇ) ഇതു സംബന്ധമായി ശ്രീ. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. 18-1-2001-ൽ ഹോമിയോ ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു.

(എഫ്) ഹോമിയോപ്പതി ഡയറക്ടർ 29-1-2000-ൽ 12015/ഇഎ2/2000/ഡി.എച്ച്.നമ്പർ കത്ത് മുഖേന) എം.എൽ.എ.യ്ക്ക് മറുപടി നൽകിയിട്ടുണ്ട്.

(3) വൈകി കിട്ടിയ ഉത്തരങ്ങൾ

തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

40(1816) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിലും സർക്കാർ 1996 മുതൽ നൽകിയിട്ടുള്ള സഹായം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണ്;

(സി) ഉൾനാടൻ ജലഗതാഗത സ്പോർട്സിന്റെ ഭാഗമായി തൃപ്രയാറിൽ നടപ്പിലാക്കുന്ന വികസനപദ്ധതികൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly